Mathrubhumi 07.11.17

# കാർഷിക സർവകലാശാലയിൽ മാനേജ്മെൻറ് മീറ്റ്

**തൃശ്ശൂർ:** കാർഷിക സർവകലാശാലയിലെ കോളേജ് ഓഫ് കോർപ്പറേഷൻ ബാങ്കിങ് ആൻഡ് മാനേജ്മെൻറ് (അഗ്രി ബിസിനസ് മാനേജ്മെൻറ്) സംഘടിപ്പിക്കുന്ന മാനേജ്മെൻറ് മീറ്റ് ഒമ്പത്, 10 തീയതികളിൽ നടക്കും. സർവകലാശാലയിൽ നടക്കുന്ന ബ്ലൂ ഓഷ്യൻ മാനേജ്മെൻറ് മീറ്റിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ബിരുദ-ബിരുദാനന്തര വിദ്യാർഥികൾ പങ്കെടുക്കും. വിദ്യാർഥികളുടെ സർഗാത്മകതയും മാനേജ്മെൻറ് അഭിരുചികളുമാണ് പരിപാടിയിൽ മാറ്റുരയ്ക്കുന്നത്.

ബെസ്റ്റ് മാനേജർ, ബെസ്റ്റ് മാനേജ്മെൻറ് ടീം, ക്വിസ്, മാർക്കറ്റിങ് ഗെയിം, തത്സമയനൃത്തം, ഫോട്ടോഗ്രഫി, എച്ച്. ആർ. ഗെയിം തുടങ്ങിയ ഒമ്പതിനങ്ങളിലാണ് മത്സരങ്ങൾ നടക്കുക. ഒന്നരലക്ഷം രൂപയിലേറെ സമ്മാനങ്ങൾ വിജയികൾക്ക് നൽകും. താമസം, ഭക്ഷണം, യാത്രാസൗകര്യം എന്നിവ സൗജന്യമായി ഒരുക്കും. രജിസ്ട്രേഷൻ ഫീസ് 300 രൂപയാണ്. കൂടുതൽ വിവരങ്ങൾ www.blueoceankau.com എന്ന വെബ്സൈറ്റിൽ. ഫോൺ: 8762153492, 8606695008.